മാതൃഭൂമി
19 March 2024

# മൊബൈൽ ആപ്പുമായി സി.എം.എഫ്.ആർ.ഐ.

**കൊച്ചി ▸** സമുദ്രമത്സ്യ ഗവേഷണത്തിൽ പൊതുജന സഹകരണം ലക്ഷ്യമാക്കി 'മാർലിൻ@സി.എം.എഫ്.ആർ.ഐ.' മൊബൈൽ ആപ്പുമായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.). വിവിധ തീരങ്ങളിൽ പിടിക്കുന്ന മീനുകളുടെ ചിത്രങ്ങളും മറ്റ് വിവരങ്ങളും ആപ്പിൽ അപ്‌ലോഡ് ചെയ്യാം. ഈ വിവരങ്ങൾ സമുദ്രാതിർത്തിയിലെ മത്സ്യയിനങ്ങളെ കൃത്യമായി തിരിച്ചറിയാനും ശാസ്ത്രീയ വിവരശേഖരണത്തിനും സഹായിക്കും. കടലിലെ മത്സ്യസമ്പത്തിന്റെ സചിത്ര ഡേറ്റാബേസ് തയ്യാറാക്കാനും വഴിയൊരുക്കും.

ഭാവിയിൽ എ.ഐ. സഹായത്തോടെ, മൊബൈലിൽ മീനിന്റെ ദൃശ്യം അപ്‌ലോഡ് ചെയ്യുമ്പോൾത്തന്നെ അതിന്റെ സമ്പൂർണവിവരങ്ങൾ ലഭ്യമാകുന്ന സംവിധാനം വികസിപ്പിക്കുകയാണ് ലക്ഷ്യം.

സി.എം.എഫ്.ആർ.ഐ.യുടെ ഫിഷറി റിസോഴ്സ് അസസ്മെൻറ് ഇക്കണോമിക്സ് ആൻഡ് എക്സ്റ്റൻഷൻ വിഭാഗത്തിലെ ഡോ. എൽദോ വർഗീസിന്റെ നേതൃത്വത്തിലുള്ള പ്രോജക്ടിന് കീഴിലാണ് ആപ്പ് വികസിപ്പിച്ചത്.